എം.പി.ഫണ്ട്, പ്ലാൻ/നോൺ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട് എന്നിവയുപയോഗിച്ച് പി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എച്ച്.സി.-കളിലെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി 42 പി.എച്ച്.സി.-കളിലായി ആകെ 281 തസ്തികകൾ സൃഷ്ടിച്ചു. പ്രതിദിന ശരാശരി ഒ.പി. 200-ൽ കൂടുതലുള്ള പി.എച്ച്.സി.-കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡോക്ടർമാരുടെ തസ്തികകൾ ഇല്ലാത്ത പി.എച്ച്.സി.-കൾ നിലവിലില്ല. സംസ്ഥാനത്ത് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുള്ളത് 35 പി.എച്ച്.സി. കളിലാണ്. ഇവിടങ്ങളിൽ അഡ്ഹോക്ക് നിയമനങ്ങൾ വഴിയും മറ്റ് സമീപത്തെ മേജർ സ്ഥാപനങ്ങളിൽ നിന്നും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(സി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

സമഗ്ര ആരോഗ്യ നയം

75 (2350) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ നയം ആവിഷ്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നയം നാളിതുവരെ നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണമെന്ത്; ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കുന്നതിന് വിവിധ വിഭാഗങ്ങളിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് 8-10-2012-ലെ സ.ഉ.(സാധാ) നമ്പർ3334/2012/ആ.കു.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. തുടർന്ന് വിവിധ തലങ്ങളിലായി നടന്ന ചർച്ചകളിലൂടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രോഡീകരിച്ച് ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ഇടുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു. ഇതിനുപുറമേ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.77/2015/ഫിൻ., തീയതി 21-8-2015 അടിസ്ഥാനമാക്കി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ വച്ച് ആരോഗ്യ വകുപ്പിലെയും ബന്ധപ്പെട്ട മറ്റ് ആരോഗ്യ വിഭാഗങ്ങളിലെ വിദഗ്ധരെയും ഉൾക്കൊള്ളിച്ചുകൊണ്ട് towards a pragmatic health policy for Kerala എന്ന വിഷയത്തിൽ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി.

ക്യാൻസറും ജീവിതശൈലി രോഗങ്ങളും

76 (2351) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ക്രമാതീതമായ വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനം സർക്കാർ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജീവിത ശൈലി രോഗങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും വീണ്ടും തിരികെ വരികയും പുതിയ രോഗങ്ങളുടെ കടന്നുകയറ്റവും ആരോഗ്യ രംഗത്ത് സമഗ്രമായ മാറ്റവും ജാഗ്രതയും അവശ്യമാണെന്നത് സർക്കാർ ഗൗരവമായി കാണുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ക്യാൻസർ രോഗികളുടെ എണ്ണത്തെക്കുറിച്ച് പഠിക്കുന്നതിനായി കേരള ക്യാൻസർ രജിസ്ട്രി ഗ്രാമീണതലത്തിൽ 2016 ജനുവരി മുതൽ സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ കണക്കുകൾ 2016 മാർച്ചിൽ മാത്രമേ ലഭ്യമാകുകയുള്ളൂ.

(ബി) ജീവിതശൈലീ രോഗങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചും വർദ്ധനവിനെ കുറിച്ചും വിവിധ പഠനങ്ങൾ അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും സംസ്ഥാനതലത്തിലും വിവിധ ഏജൻസികൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്ന് പ്രധാനപ്പെട്ട കാരണങ്ങളാണ് ജീവിതശൈലി രോഗങ്ങളുടെ പ്രധാന ഹേതുക്കളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly